## 741

ഉയർത്തിടും ഞാൻ എന്റെ കൺകൾ തുണയരുളും വൻഗിരിയിൽ
എൻസഹായം വാനം ഭൂമി അഖിലം വാഴും യഹോവയിൽ

1 യിസ്രായേലിൻ കാവൽക്കാരൻ നിദ്രാഭാരം തൂങ്ങുന്നില്ല
യഹോവയെൻ പാലകൻ താൻ ഇല്ലെനിക്കു ഖേദമൊട്ടും-

2 ശത്രുഭയം നീക്കിയെന്നെ മാത്രതോറും കാത്തിടുന്നു
നീതിയിൻ സൽപാതകളിൽ നിത്യവും നടത്തിടുന്നു-

3 ശോഭയേറും സ്വർപ്പുരിയിൻ തീരമതിൽ ചേർത്തിടുന്നു
ശോഭിതപുരത്തിൻ വാതിൽ എൻമുമ്പിൽ ഞാൻ കണ്ടിടുന്നു-

4 വാനസേന ഗാനം പാടി വാണിടുന്നു സ്വർഗ്ഗസീയോൻ
ധ്യാനിച്ചിടും നേരമെന്റെ മാനസം മോദിച്ചിടുന്നു- **K.V.D.**